# ACADEMIC MASTER PLAN

## 2025-26

## R.C.U.P.S EDATHIRURTHY

| | |
|---|---|
| School | : R.C.U.P.S Edathiruthy |
| Panchayath | : Edathiruthy |
| Ward | :111/282 |
| BLOCK | :Mathilakam |
| Taluk | :Kodungallur |
| Constitution | :Kaipamangalam |
| Education District | : Chavakkad |
| A E O | : Valapad |
| Revenue | : Thrissur |
| CRC | :G.L.P.S Perumpadappa |
| BRC | :Mathilakam |
| Post Office | :Edathiruthy |
| DISE CODE | :32071000502 |
| Phone No | :9961828295 |

# ആമുഖം

എടതിരുത്തി ആർ സി യുപി സ്കൂളിൽ 2025-26 അധ്യയന വർഷത്തെ വികസന പ്രവർത്തനങ്ങളെ മുന്നിൽകണ്ട് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഞങ്ങളുടെ വിദ്യാലയത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അധ്യാപകർ, രക്ഷിതാക്കൾ,പൂർവ്വ വിദ്യാർത്ഥികൾ,SSG അംഗങ്ങൾ,സാമൂഹിക രാഷ്ട്രീയസാംസ്കാരിക സന്നദ്ധസംഘടന പ്രവർത്തകർ, വാർഡ് മെമ്പർ തുടങ്ങിയവരെ ഉൾപ്പെടുത്തി വികസന സമിതി രൂപീകരിച്ചു. വിദ്യാലയത്തിന്റെ ഭൗതികവും സാമൂഹികവും സാംസ്കാരികവും സാമ്പത്തികമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കാൻ ഭാഷ,സയൻസ്,ഗണിതം,ജൈവവൈവിധ്യഉദ്യാനം,പച്ചക്കറികൃഷി, പൂന്തോട്ടം,പരിസ്ഥിതിസംരക്ഷണം, ഹരിത വിദ്യാലയം,സാമൂഹിക ഇടപെടലുകൾ. പിടിഎ എംപിടിഎ SSG എന്നിവ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ ആസൂത്രണം ചെയ്തു നടപ്പിലാക്കാനും അവ പ്രോത്സാഹിപ്പിക്കാനും തിരുമാനിച്ചു.

# ലക്ഷ്യങ്ങൾ

സമഗ്ര വിദ്യാഭ്യാസ വികസനത്തിനുവേണ്ടി എടത്തിരുത്തി ആർസി യുപി സ്കൂളിൽ ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ

- ✓ മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ ഭാഷ ജ്ഞാനവും ആശയവിനിമയ ശേഷിയും നേടിയെടുക്കാൻ എന്റെ മലയാളം ,സ്പെൽ ഇംഗ്ലീഷ് ,സുരീലി ഹിന്ദി പോലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
- ✓ അനുയോജ്യവും ആകർഷകവും സുരക്ഷിതവുമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കൽ
- ✓ വിദ്യാലയത്തെ ലഹരിവിമുക്തമാക്കൽ
- ✓ സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കൽ
- ✓ കുട്ടികളിലെ വായനാശീലം വളർത്തിയെടുക്കൽ
- ✓ പാഠ്യേതര പ്രവർത്തനങ്ങളിലെ കുട്ടികളുടെ മികവ് തെളിയിക്കൽ
- ✓ കലാവിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകൽ
- ✓ കായികവിദ്യാഭ്യാസത്തിലൂടെ ആരോഗ്യമുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കൽ
- ✓ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കുട്ടികളെ പ്രാപ്തരാക്കൽ
- ✓ പഠന മേഖലകളെ തൊഴിൽ വിദ്യാഭ്യാസവുമായി കോർത്തിണക്കൽ

- സസ്യശാസ്ത്ര പഠനമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കായി ജൈവവൈവിധ്യ പാർക്ക്, ഔഷധോദ്യാനം ഇവ നിർമിക്കൽ
- വിദ്യാലയത്തെ സൗന്ദര്യവൽക്കരിക്കുന്നതിനുള്ള പുതിയ രീതികൾ ആവിഷ്കരിക്കൽ
- മാലിന്യനിർമാർജനം ഒരു സംസ്കാരമായി മാറ്റിയെടുക്കൽ
- കുട്ടികൾക്ക് മെസ് ഹാൾ, ആവശ്യമായ പാത്രങ്ങൾ എന്നിവ ഉറപ്പാക്കൽ
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തൽ
- സ്കൂൾ പരിസരത്തും വീട്ടിലും പച്ചക്കറി കൃഷി നടപ്പിലാക്കൽ
- കുട്ടികളിൽ ശുചിത്വശീലം വളർത്തിയെടുക്കാനുള്ള പ്രവർത്തങ്ങളിൽ അവരെ പങ്കാളികളാക്കൽ
- സാമൂഹ്യ മാധ്യമങ്ങളെ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള അവബോധം (ഡിജിറ്റൽ അച്ചടക്കം) വളർത്തിയെടുക്കൽ
- സാമൂഹിക പ്രതിബദ്ധതയുള്ള പുതിയ തലമുറയെ വാർത്തെടുക്കൽ

# വിദ്യാലയ ചരിത്രം

എടതിരുത്തി കർമ്മല നാഥാ പള്ളിയോടനുബന്ധിച്ച് 1888 ൽ ആർ സി എലിമെൻററി സ്കൂൾ എന്ന പേരിൽ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയം അന്നുമുതൽ ജാതിമതഭേദമെന്യ ഏവർക്കും മുൻപിൽ അറിവിൻറെ നിറകടം ഉളുമ്പി നിൽക്കുന്നു. ഈ കലാലയത്തിൽ നിന്ന് അറിവിൻറെ വെളിച്ചം ആദ്യം നുകർന്നത് കോലാന്ത്ര വേലപ്പൻ മകൻ മാമുണ്ണിയും കാട്ടൂർ വടക്കുമുറി കൃഷ്ണൻ മകൾ കല്യാണിയുമാണ്.1906 ൽ ഈ വിദ്യാലയത്തിന് 5-ാം തരം വരെയുള്ള ഉള്ള അംഗീകാരം ലഭിച്ചു. 1951 നവംബർ 22 മുതൽ മാനേജർ ആയിരുന്ന റവ. ഫാദർ തോമസ് മാളിയേക്കലിൻറെയും അധ്യാപകരുടെയും നാട്ടുകാരുടെയും അശ്രാന്തപരിശ്രമത്തിൻറെ ഫലമായി 1952 സെപ്റ്റംബർ 30 ന് വിദ്യാലയം യു.പി സ്കൂളായി ഉയർന്നു. 9 അധ്യാപകരും 183 വിദ്യാർഥികളുമായി ഈ സ്ഥാപനം ഒരു പൂർണ്ണ ഹയർ എലിമെൻററി സ്കൂളാവുകയും ചെയ്തു.

കോർപ്പറേറ്റ് മാനേജ്മെൻറുകളുടെ രൂപീകരണത്തോടെ 1971 ൽ ഈ വിദ്യാലയം തൃശ്ശൂർ കോർപ്പറേറ്റ് മാനേജ്മെൻറിൻറെ കീഴിലും തുടർന്ന് 1978 ൽ ഇരിങ്ങാലക്കുട കോർപ്പറേറ്റ് മാനേജ്മെൻറിൻറെ കീഴിലുമായി. തുടർന്ന് മാറിമാറിവന്ന സ്കൂൾ മാനേജർമാരുടെ കീഴിൽ സ്തുത്യർഹമായ സേവനം കാഴ്ച വച്ചു കൊണ്ട് മുന്നോട്ടു നീങ്ങുന്നു. ചുരുങ്ങിയ ഒരു കാലഘട്ടമൊഴികെ എന്നും ആൺകുട്ടികളെയും പെൺകുട്ടികളെയും ഒന്നുപോലെ അറിവിൻറെ വെളിച്ചത്തിലേക്ക് കൈപിടിച്ചു നടത്തിയ ഒരു കലാലയമാണിത്. പല പ്രമുഖ വ്യക്തിത്വങ്ങളെയും വാർത്തെടുത്ത ഈ സരസ്വതി ക്ഷേത്രം ഇന്നും ഈ ഗ്രാമത്തിൽ തലയുയർത്തി നിലകൊള്ളുന്നു.

# വിദ്യാലയം -മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

എടത്തിരുത്തി പഞ്ചായത്തിലെ ഏറ്റവും മികച്ച വിദ്യാലയമാക്കി ഞങ്ങളുടെ വിദ്യാലയത്തെ മാറ്റുന്നതിനൊപ്പം കുട്ടികൾക്ക് സമഗ്ര വികസനം നൽകുക എന്ന ലക്ഷ്യത്തോടെ ഞങ്ങൾ ഈ പദ്ധതിക്ക് തുടക്കം കുറിക്കുന്നു.ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ഈ വിദ്യാലയം ആധുനിക കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾക്കൊപ്പം ചലനാത്മകമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ ഈ പദ്ധതിക്ക് രൂപം നൽകിയത്. ഓട് കെട്ടിടം മാറ്റി കോൺക്രീറ്റ് കെട്ടിടം ആക്കുന്നതിനൊപ്പം ഹൈടെക് സംവിധാനങ്ങൾ ക്ലാസുകളിൽ ഒരുക്കുക, വൈജ്ഞാനിക മേഖലയിൽ കുട്ടികൾക്ക് അവഗാഹം സൃഷ്ടിക്കുക.കുട്ടികളിൽ അന്തർലീനമായ കഴിവുകൾ വളർത്തിയെടുക്കുക, കുട്ടികളുടെ കായിക ആരോഗ്യ സാമൂഹിക മാനസിക വളർച്ച മുന്നിൽക്കണ്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഭക്ഷണം ഇരുന്ന് കഴിക്കാനുള്ള സംവിധാനം ഒരുക്കുക, അവർക്കുള്ള പാത്രം, ഗ്ലാസ് കഴുകാനുള്ള ചൂടുവെള്ളം എന്നീ സംവിധാനങ്ങൾ ഒരുക്കുക തുടങ്ങിയവ മുന്നിൽകണ്ടാണ് ഈ പദ്ധതി തയ്യാറാക്കിയത്. പൊതുവിദ്യാലയത്തെ ശാക്തീകരിക്കുന്നതിനൊപ്പം മികച്ച വിദ്യാർത്ഥി പ്രതിഭകളെ വാർത്തെടുക്കാനും ആകർഷിക്കാനും വിദ്യാലയത്തെ കൈപിടിച്ചുയർത്താനും ഞങ്ങൾ തയ്യാറാക്കിയ ഈ പദ്ധതികൾക്ക് കഴിയുമെന്ന് വിശ്വസിക്കുന്നു അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് രൂപീകരണത്തിന് പൊതുസമൂഹത്തിന്റെ പിന്തുണ എങ്ങനെ സ്വരൂപിക്കാം എന്നും കണ്ടെത്തിയിട്ടുണ്ട്.

# മേഖല

ഭാഷ :കുട്ടികൾക്ക് ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അറബി എന്നീ ഭാഷകൾ ഫലപ്രദമായ വായിക്കാനും എഴുതാനും സംസാരിക്കാനുള്ള പ്രാവീണ്യം നേടിയെടുക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഈ വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ പറ്റുമെന്ന് വികസന സമിതിയിൽ ചർച്ച ചെയ്തു.

# അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | മോണിറ്ററിങ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | *പഠനനില കണ്ടെത്തി പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ ആദ്യവാരം | ഷെമി ടീച്ചർ അനു ടീച്ചർ ജെൻസി ടീച്ചർ | Rs,500/- | S.R.G |
| | ICT ഉപയോഗിച്ച് ചോദ്യാവലി തയ്യാറാക്കൽ | ജൂലൈ | ഭാഷാ അധ്യാപകർ | Rs.1000/P.TA | S.R.G |
| | *ഇംഗ്ലീഷ്, മലയാളം,ഹിന്ദി, അറബി അസംബ്ലി | ആഴ്ചയിൽ 1 ദിവസം | അനു ടീച്ചർ ,ജെൻസി ടീച്ചർ ,റൈഹാനത് ടീച്ചർ | | SR.G |
| | ഡയറിക്കുറിപ്പ് ഇംഗ്ലീഷ് ,മലയാളം | ആഴ്ചയിൽ 2 ദിവസം | ഷെമി ടീച്ചർ, അനു ടീച്ചർ ,ജെൻസി ടീച്ചർ | | SR.G |
| | ഒരു ദിവസം ഒരു ഭാഷാ പരിപാടി | ആഴ്ചയിൽ 3 ദിവസം | ഭാഷാ അധ്യാപകർ | Rs.1500/SR.G | SR.G |
| | *ഇംഗ്ലീഷ്, മലയാളം ലൈബ്രറി | ജൂൺ 19 മുതൽ 1 | ജെൻസി ടീച്ചർ ,റൈഹാനത് ടീച്ചർ | | |
| | സാഹിത്യകാരന്മാരെ പരിചയപ്പെടൽ | ജൂൺ മുതൽ മാർച്ച് വരെ എല്ലാ മാസത്തിലും | ഭാഷാ അധ്യാപകർ | | H.M |
| | *വായനാ മത്സരം<br>• വായനാക്കുറിപ്പ്<br>• പ്രസംഗം<br>• കഥ,കവിത,യാത്ര വിവരണം രചനാ മത്സരങ്ങൾ | | വിദ്യാരംഗം കലാസാഹിത്യ വേദി | 500/SR.G | S.R.G |

# ശാസ്ത്രപഠനം

# SCIENCE

വിദ്യാലയത്തിലെ ശാസ്ത്രപഠനപുരോഗതിക്കായി ശാസ്ത്ര അധ്യാപകർ പി ടി എ,എം പി ടി എ, എസ് എസ് ജി അംഗങ്ങളുമായി കൂടിയിരുന്നു ചർച്ച ചെയ്തു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങളും ശേഷിയും വികസിപ്പിക്കൽ | *ലാബ് നവീകരിക്കൽ എസി സംവിധാനവും ഇരിപ്പിടവും അടച്ചുറപ്പുള്ള മുറി<br>*പരീക്ഷണങ്ങളിൽ ഏർപ്പെടൽ, കുറിപ്പ് തയ്യാറാക്കൽ<br>*പരീക്ഷണ സാമഗ്രികൾ വാങ്ങൽ<br>*പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്ര മൂല<br>*ഓരോ ശാസ്ത്രക്ലാസ്സും ഒരു പരീക്ഷണത്തിൽ തുടങ്ങുക<br>*സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ മുൻപോട്ടു കൊണ്ട് പോവുക | 1 വർഷം | SRG ശാസ്ത്ര അധ്യാപകർ | 500000<br>M.L.A fund<br>O.S.A,വ്യക്തിപരമായ സംഭാവന | S.R.G. |
| ശാസ്ത്രബോധം വളർത്തൽ ,സസ്യശാസ്ത്രപഠനം | *ജൈവവൈവിധ്യ പാർക്ക്<br>*ശലഭ പാർക്ക്<br>*ക്ലബ് പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര അവബോധം വളർത്തുക<br>*പരീക്ഷണ നിരീക്ഷണങ്ങൾക്ക് ആവശ്യമായ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ സസ്യങ്ങളും സ്കൂൾ ഗ്രൗണ്ടിൽ നട്ടുപിടിപ്പിക്കൽ<br>*കുട്ടിവനം -വനത്തിന്റെ ചെറിയ മാതൃക *ഔഷധ ഉദ്യാനം<br>*ചെറിയ കുളം – ജല ജീവികൾ ജലസസ്യങ്ങൾ<br>*ജൈവപന്തൽ-മുന്തിരി ഫാഷൻ ഫ്രൂട്ട് കോവൽ<br>ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ | | S.R.G ,ശാസ്ത്ര അധ്യാപകർ | വ്യക്തിപരമായ സംഭാവന<br>പൂർവ വിദ്യാർത്ഥികൾ | S.R.G<br>B.R.C |
| ശാസ്ത്രാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തൽ | *ക്വിസ് മത്സരം<br>- ക്ലാസ്സ് തല പരീക്ഷണം<br>*[illegible] പ്രവർത്തനങ്ങൾ | | S.R.G ,ശാസ്ത്ര അധ്യാപകർ | | S.R.G |

## SOCIAL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയം ആക്കുക എല്ലാ സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങളും കുട്ടികൾ ആർജിക്കുക | *സാമൂഹ്യശാസ്ത്ര ലാബ് നവീകരണം<br>*ഭൂപട വായന (ഗ്ലോബ്) പരിശീലനം നൽകുക<br>*പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്ന ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക<br>*പഠനയാത്രകൾ സംഘടിപ്പിച്ച ചരിത്ര പഠനം കാര്യക്ഷമമാക്കുക<br>*സാമൂഹ്യ ശാസ്ത്ര പാർക്ക് | 1 വർഷം | സാമൂഹ്യശാസ്ത്രഅധ്യാപകർ | 300000/-<br>M.L.A ഫണ്ട്<br>O.S.A,<br>വ്യക്തിപരമായ സംഭാവന | S.R.G |
| കുട്ടികളിൽ സാമൂഹ്യ അവബോധം വളർത്തുക | *ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുക<br>*മോഡൽ പാർലമെന്റ്<br>*വിദഗ്ധരുടെ ക്ലാസ്സുകൾ<br>*ദിനാചരണങ്ങൾ<br>*ഫ്ലാഷ് മോബ്,തെരുവുനാടകം ബോധവത്കരണപരിപാടികൾ | 1 വർഷം | സാമൂഹ്യശാസ്ത്രഅധ്യാപകർ | സ്കൂൾഗ്രാന്റ് | H.M,<br>S.R.G |
| സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ തനിമയുള്ളതാക്കുക | *ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക<br>*പഴയകാല ഉപകരണങ്ങൾ കൃഷി രീതികൾ പഴയ നാണയങ്ങൾ കറൻസി ശേഖരിക്കലും പരിചയപ്പെടുത്തലും<br>*ഡോക്യുമെന്ററി പ്രദർശനം | 1 വർഷം | സാമൂഹ്യശാസ്ത്രഅധ്യാപകർ | | H.M,<br>S.R.G |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടികളുടെ ഗണിത വൽക്കരണ ശേഷികൾ വികസിപ്പിക്കൽ | *പ്രി ടെസ്റ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കൽ *ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമാക്കാൻഓരോ ക്ലാസിലും ഗണിത മൂല | 1 വർഷം | ഗണിതാ ദ്ധ്യാപകർ | വ്യക്തിപരമായ സംഭാവന | S.R.G |
| ഗണിതത്തോടുള്ള കുട്ടികളുടെ ഭയം മാറി ഗണിതപഠനത്തിൽ തൽപരരാക്കൽ | *ഗണിത ക്ലബ് രൂപികരിച്ച ക്ലാസ് തലത്തിലും സ്കൂൾതലത്തിലും പരിപാടികൾ നടപ്പിലാക്കൽ (ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ, കടങ്കഥകൾ, Puzzles,games) | 1 വർഷം | ഗണിതാ ദ്ധ്യാപകർ | | S.R.G |
| ഗണിതത്തിലെ സൗന്ദര്യാത്മകതയും കണ്ടെത്തി അതിലെ ആശയങ്ങളുടെ ആസ്വാദനം സാമൂഹികപ്രതിബദ്ധതയോടെയുള്ള ഗണിതപഠനം | (ഗണിത മാഗസിൻ)ജൂൺ മുതൽ ഡിസംബർ വരെയുള്ള കുട്ടികളുടെ ശേഖരണങ്ങൾ തയ്യാറാക്കുക | ജൂൺ മുതൽ ഡിസംബർ | ഗണിതാ ദ്ധ്യാപകർ | | S.R.G |

# കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | മോണിറ്ററിങ് |
|---|---|---|---|---|---|
| | യോഗ ക്ലാസ് നൽകുക | ആഴ്ചയിൽ ഒരു പ്രാവശ്യം | ലൗലി ടീച്ചർ | | P.T.A,MPT.A |
| മൊബൈൽ ഫോണിന്റെയും സാമൂഹിക മാധ്യമങ്ങളുടെയും അതിപ്രസരത്തിൽ മുങ്ങിയിരിക്കുന്ന കുട്ടികളുടെ കായികക്ഷമതയും ആരോഗ്യവും മെച്ചപ്പെടുത്തുക | വിവിധ കായിക ഇനങ്ങളിൽ മികവ് തെളിയിച്ചവരെ കണ്ടെത്തി കുട്ടികൾക്ക് പരിശീലനം നൽകുക | ആഴ്ചയിൽ 1 ദിവസം | അധ്യാപകർ | വ്യക്തിപരമായ സംഭാവന,O.S.A | P.T.A, S.R.G |
| | ഷട്ടിൽ,വോളി ബോൾ കോർട്ടിനാവശ്യമായ സാമഗ്രികൾ വാങ്ങുക. | 6 മാസം | അധ്യാപകർ | 10000, O.S.A വ്യക്തിപരമായ സംഭാവന, സന്നദ്ധ സംഘടന | S.R.G |
| | സ്കൂൾ അസ്സംബ്ലിയിൽ വ്യായാമങ്ങൾക്കൊപ്പം സൂംബാ പരിശീലനം നൽകുക | ജൂലൈ മുതൽ മാർച്ച് വരെ | അധ്യാപകർ | | S.R.G,B.R.C |

# പാഠ്യേതര പ്രവർത്തനങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ

പഠന വിഷയങ്ങൾ കൂടാതെ കുട്ടികളിൽ അന്തർലീനമായ കഴിവുകൾ വളർത്തിയെടുക്കുക വിദ്യാഭ്യാസത്തിൻ്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്.എന്നാൽ വിഷയ അധ്യാപകർ തന്നെ പാഠ്യേതര വിഷയങ്ങൾ കൈകാര്യം ചെയ്യുക എന്ന അവസ്ഥയാണ് ഇന്നുള്ളത്.ഇതിന് ഒട്ടേറെ പരിമിതികൾ ഉണ്ട്. ഇതിനെ മറക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നത് എസ് ആർ ജി, പി ടി എ, എം പി ടി എ, എസ് എസ് ജി കൂടിയാലോചിച്ചു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| സംഗീത പരിശീലനം കുട്ടികളുടെ പാടാനുള്ള കഴിവ് വർധിപ്പിക്കൽ | *സംഗീത അധ്യാപകനെ നിയമിക്കൽ *മത്സരങ്ങൾ സംഘടിപ്പിക്കൽ *പ്രോത്സാഹനം നൽകൽ *അവസരങ്ങൾ പ്രയോജനപ്പെടുത്തൽ | 1 വർഷം(മാസത്തിൽ 2 പിരീഡ് വീതം) | S.R.G,P.T.A, | 20000/- P.T.A | P.T.A. |
| ഡ്രോയിങ് പരിശീലനം കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗവാസനകളെ ഉണർത്തൽ | *ഡ്രോയിങ് അധ്യാപകനെ നിയമിക്കൽ *മത്സരങ്ങൾ സംഘടിപ്പിക്കൽ *പ്രോത്സാഹനം നൽകൽ *പ്രദർശിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം | S.R.G, P.T.A, | 10000/- P.T.A | P.T.A. |
| പ്രവർത്തിപരിചയ പരിശീലനം കുട്ടികളെ തൊഴിലിൻ്റെ മാഹാത്മ്യംമനസ്സിലാക്കി കൊടുക്കൽ | * ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന പാഴ് വസ്തുക്കളും മറ്റു ലോ കോസ്റ്റ് വസ്തുക്കളും ഉപയോഗിച്ച് പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിലുള്ള ഉപകാരപ്രദമായവ എങ്ങനെ ഉണ്ടാക്കാം എന്നെ പരിശീലനം നൽകുന്നു *പ്രവർത്തിപരിചയ മേള സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ജനുവരി | S.R.G, P.T.A, | 15000/- P.T.A | S.R.G |

# ഭൗതികം

വിദ്യാലയ കെട്ടിടം ഇപ്പോഴത്തെ അവസ്ഥയിൽ നവീകരിച്ചു കോൺക്രീറ്റ് ചെയ്യുക.ക്ലാസ് മുറികൾ ടൈലിടുക ക്ലാസ് മുറികളിൽ കുടിവെള്ള സംവിധാനം ഒരുക്കുക ,ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കുക ക്ലാസ് മുറികളിൽ ഫയർ ആൻഡ് സേഫ്റ്റി സംവിധാനം ഒരുക്കുക എന്നി കാര്യങ്ങൾ P.T.A,M.P.T.A,S.S.G,S.R.G അംഗങ്ങൾ കൂടിയാലോചിച്ചു തിരുമാനമെടുത്തു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിങ് |
|---|---|---|---|---|---|
| വിദ്യാലയ കെട്ടിടം ആധുനികവൽക്കരിക്കൽ വഴി വിദ്യാലയ വികസനം | ആകർഷകമായ ആധുനിക വിദ്യാലയ കെട്ടിടം നിർമ്മിക്കൽ | 3 വർഷം | വികസനസമിതി അംഗങ്ങൾ | 10 ലക്ഷം M.L.A ഫണ്ട്,M.P ഫണ്ട് പഞ്ചായത്ത് ഫണ്ട്, സ്കൂൾ മാനേജ്മെന്റ് വ്യക്തിപരമായ സംഭാവന | P.T.A,M.P.T.A,S.S.G |
| | ക്ലാസ് മുറികൾ ടൈലിടൽ | 3 വർഷം | വികസനസമിതി അംഗങ്ങൾ | 10 ലക്ഷം O.S.A,വ്യക്തിപരമായ സംഭാവന | P.T.A,M.P.T.A,S.S.G |
| | ക്ലാസ് മുറികളിൽ പ്രൊജക്ടറുകൾ ഒരുക്കൽ | 5 വർഷം | വികസനസമിതി അംഗങ്ങൾ | 2 ലക്ഷം O.S.A. | |
| | ചെറിയ ക്ലാസുകളിൽ പാഠഭാഗവുമായി ഉൾപ്പെടുത്തിയ ചിത്രങ്ങൾ നവീകരിക്കൽ | 1 വർഷം | S.R.G | 10000/- | B.R.C |
| | ക്ലാസ് മുറികളിൽ കുടിവെള്ള സംവിധാനം ഒരുക്കുക | 2 വർഷം | S.R.G | 2 ലക്ഷം | P.T.A,S.S.G |
| സുരക്ഷ ഉറപ്പാക്കൽ | ക്ലാസ് മുറികളിൽ ഫയർ ആൻഡ് സേഫ്റ്റി സംവിധാനം ഒരുക്കുക | 2 വർഷം | S.R.G | 2 ലക്ഷം | P.T.A. |

## മേഖല : II ഭൗതികം

## ഉപമേഖല: അടുക്കള

ഉദ്ദേശ്യം : ഉച്ചഭക്ഷണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഇന്നത്തെ അവസ്ഥയിൽ നിന്ന് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കും എന്ന് ഉച്ചഭക്ഷണ സമിതിയുടെ പദ്ധതി തയ്യാറാക്കി. പാചകപ്പുരയോടനുബന്ധിച്ച് ഊട്ടുശാലനിർമ്മാണം, കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനാവശ്യമായ പാത്രങ്ങൾ ഗ്ലാസ്,ഇവ സൂക്ഷിക്കുന്നതിനുള്ള അലമാര, പ്രാതൽഭക്ഷണം കൊടുക്കുന്നതിനുള്ള സാധ്യതകൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിങ് |
|---|---|---|---|---|---|
| കുട്ടികൾക്ക് ഊട്ടുപുര, ആവശ്യമായ പാത്രങ്ങൾ എന്നിവ ഉറപ്പാക്കൽ | മനോഹരമായ ഊട്ടുപുരയുടെ നിർമ്മാണം | 3 വർഷം | ഉച്ചഭക്ഷണ സമിതി, ലിജോ ടീച്ചർ ,അനു ടീച്ചർ | 10 ലക്ഷം MLA MP ഫണ്ടുകൾ, | PTA,SSG |
| | കുട്ടികൾക്ക് കഴിക്കാനുള്ള പാത്രങ്ങൾ ഗ്ലാസ്സുകൾ | ജൂൺ | HM,P.T.A | സന്നദ്ധ സംഘടന | M.P.T.A,S.S.G |
| | പാത്രങ്ങൾ ഗ്ലാസ്,ഇവ സൂക്ഷിക്കാനുള്ള അലമാരകൾ | 3 വർഷം | O.S.A. | സന്നദ്ധ സംഘടന ,വ്യക്തിപരമായ സംഭാവന | P.T.A |
| | പാത്രങ്ങൾ ചൂടുവെള്ളത്തിൽ കഴുകാനുള്ള സംവിധാനം | | M.P.T.A,P.T.A | | S.S.G |
| ജൈവ പച്ചക്കറികൾ ഉപയോഗിച്ച് ഉച്ചഭക്ഷണം നൽകൽ | വിദ്യാലയത്തിലും വീടുകളിലും പച്ചക്കറി കൃഷിചെയ്യൽ , എല്ലാ കുട്ടികൾക്കും വിത്തും വളവും നൽകൽ | ജൂലൈ ഒക്ടോബർ നവംബർ, | കാർഷിക ക്ലബ് MPTA,PTA, SSG | കൃഷിഭവൻ, പഞ്ചായത്ത്, MLA ഫണ്ട് | P.T.A, B.R.C |
| ജൈവവള നിർമ്മാണം | അടുക്കള വേസ്റ്റ് ഉപയോഗിച്ചുള്ള ജൈവവള നിർമ്മാണം, അതിന് ആവശ്യമായ സംവിധാനങ്ങൾ | 1 വർഷം | കാർഷിക ക്ലബ് MPTA,PTA, SSG | ,വ്യക്തിപരമായ സംഭാവന | P.T.A |

**മേഖല: സാമൂഹികം**
**ഉപമേഖല: വിദ്യാലയ വികസന സമിതി**

ഒരു വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്കു അവിടുത്തെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഘടനകളുടെ സഹായ സഹകരണങ്ങൾ കൂടിയേ തീരൂ. ഇതു എങ്ങനെ പ്രവർത്തികമാക്കാമെന്നു കൂടിയിരുന്നു ചർച്ച ചെയ്തു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| വിദ്യാലയ വികസന സമിതി ശാക്തികരണം | *ബോധവൽക്കരണ ക്ലാസുകൾ നടത്തൽ<br>*സുമനസ്സുകളുടെ സംഭാവനകൾ സംഘടിപ്പിക്കൽ | 1കൊല്ലം | S.R.G | S.R.G,P.T.A | S.S.G |
| പി ടി എ, എം പി ടി എ, എസ് എസ് ജി എന്നീ സംഘടനകളുടെ ശാക്തികരണം | *പൊതുസമൂഹത്തിൽ ഉപകാരമുള്ള കാര്യങ്ങൾ കുട്ടികളെ കൂടി ഉൾപ്പെടുത്തി ചെയ്യൽ<br>*പൊതുസമൂഹവുമായി സഹകരിക്കൽ | 1കൊല്ലം | S.R.G | സാമൂഹ്യ സംഘടനകൾ, പൂർവവിദ്യാർഥി സംഘടന | S.S.G |

# ഊർജ്ജ സംരക്ഷണം പ്രകൃതി സംരക്ഷണം

ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി പ്രകൃതി സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുക ഇന്നിന്റെ ആവശ്യഘടകമാണ്. അതുപോലെ പ്രകൃതിസ്രോതസ്സുകൾ ഈ തലമുറയ്ക്ക് വേണ്ടി മാത്രമല്ല വരുംതലമുറയ്ക്കും കൂടി സംരക്ഷിക്കേണ്ട ആവശ്യകത ചെറിയ പ്രായത്തിൽ തന്നെ കുട്ടികളിൽ ഉറപ്പാക്കേണ്ടതുണ്ട്. അതിന് എന്തെല്ലാം ചെയ്യാൻ സാധിക്കും എന്ന് ചർച്ച ചെയ്യൂ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിങ് |
|---|---|---|---|---|---|
| ജലസംരക്ഷണ സംവിധാനം | മഴവെള്ള സംഭരണി, മഴക്കുഴികൾ നിർമ്മിക്കൽ | 1 വർഷം | അധ്യാപകർ | 50000/- O.S.A | P.T.A |
| പ്ലാസ്റ്റിക് രഹിത വിദ്യാലയം | പ്ലാസ്റ്റിക് രഹിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള ബോധവൽക്കരണ ക്ലാസ് നൽകൽ | ജൂലൈ | അധ്യാപകർ | 2000/- അധ്യാപകർ | P.T.A,M.P.T.A |
| പരിസ്ഥിതി സംരക്ഷണം | തുണിസഞ്ചി നിർമ്മാണം, മഷിപേനയുടെ ഉപയോഗം വർധിപ്പിക്കൽ, പ്ലാസ്റ്റിക് ബോട്ടിലുകൾക്കു പകരം സ്റ്റീൽ ബോട്ടിലുകൾ ഉപയോഗിക്കൽ | 1 വർഷം മുഴുവൻ | അധ്യാപകർ | 2000/ അധ്യാപകർ. | P.T.A, M.P.T.A |
| ഊർജ്ജ സംരക്ഷണം | വൈദ്യുതസർക്കീട്ട് ഇലക്ട്രിക്ക് ഫ്യൂസ് എന്നിങ്ങനെയുള്ള മിനിമം കാര്യങ്ങളെകുറിച്ചുള്ള അറിവിലൂടെ ഊർജ്ജസംരക്ഷണം എങ്ങനെ ഉറപ്പാക്കാം എന്നുള്ള അവബോധം നൽകൽ, സോളാർ ബൾബുകളുടെ നിർമ്മാണം,സോളാർ ജനറേറ്റർ സംവിധാനം ഒരുക്കൽ | 1 വർഷം മുഴുവൻ | P.T.A, M.P.T.A | 50000/- O.S.A | P.T.A |

- പൊതുമുതൽ സംരക്ഷിക്കണമെന്നുള്ള ഉത്തരവാദിത്വബോധ കുട്ടികളിൽ വളരും.
- കായിക ക്ഷമതയുള്ള പുതുതലമുറയെ വാർത്തെടുക്കാന സാധിക്കും.
- സാങ്കേതിക പരിജ്ഞാനം ആർജിച്ച പുതു തലമുറയെ സൃഷ്ടിക്കാന സാധിക്കും

# നേട്ടങ്ങൾ

- പഠനം എന്നത് കുട്ടികൾക്ക് രസകരമായ ഒരു അനുഭവമായി മാറും.
- കുട്ടികൾ വായനയിലും എഴുത്തിലും സ്വയം പര്യാപ്തരായി മാറും.
- ഭാഷയെ അനുയോജ്യമായ രീതിയിൽ കൈകാര്യം ചെയ്യാനുള്ള സിദ്ധി ആർജ്ജിക്കും .
- വായന ശീലം വർദ്ധിക്കും
- ശാസ്ത്ര പഠനത്തിൽ താൽപര്യം ഉണ്ടാകും
- പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള താല്പര്യം വർദ്ധിക്കും.
- നിരീക്ഷണ പാടവം വർധിക്കും.
- ചിന്താശേഷി വർദ്ധിക്കും.
- പഠനോപകരണങ്ങൾ നിർമിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലുമുള്ള പ്രാവീണ്യം ആർജ്ജിക്കും
- ഗണിതം കുട്ടികൾക്ക് രസകരമായി തീരും.
- ചതുഷ്ക്രിയകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും
- ഊർജ്ജ സംരക്ഷണത്തിനുള്ള പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കും.
- ചരിത്രാഭിമുഖ്യം ഉള്ള പുതുതലമുറയെ സൃഷ്ടിക്കാൻ സാധിക്കും
- കുട്ടികളിലെ അന്വേഷണാത്മകത വർദ്ധിക്കും
- കുട്ടികൾ സാമൂഹിക പ്രതിബദ്ധതയുള്ളവരായി മാറും.
- കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വർദ്ധിക്കും.
- പുതു കർഷക തലമുറയെ സമൂഹത്തിന് സംഭാവന ചെയ്യാൻ സാധിക്കും.
- കുട്ടികളിൽ ശുചിത്വബോധം വർദ്ധിക്കും.
- കുട്ടികളുടെ ആരോഗ്യം വർദ്ധിക്കുന്നത് വഴി പ്രതിരോധശേഷി വർദ്ധിക്കും.

# ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിദ്യാലയത്തിന്റെയും കുട്ടികളുടെയും സമഗ്ര പുരോഗതിക്ക് വേണ്ടി അക്കാദമികവും ഭൗതികവും സാമൂഹികവുമായ ഒരു മാർഗ്ഗരേഖ തയ്യാറാക്കാൻ നിർദ്ദേശങ്ങൾ തന്ന പൊതുവിദ്യാഭ്യാസവകുപ്പിനു നന്ദി രേഖപ്പെടുത്തുന്നു. ഈ മാർഗ്ഗരേഖ തയ്യാറാക്കാൻ സഹായിച്ച എല്ലാവരെയും പ്രത്യേകം ഓർക്കുന്നു. വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾകാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുവാൻ ഏവരും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതാണ്. ജനപങ്കാളിത്തത്തോടുകൂടി ഈ പദ്ധതികൾ ഞങ്ങളുടെ വിദ്യാലയത്തിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതിനുവേണ്ടി എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് അക്ഷരദീപം തെളിയിച്ച ഈ വിദ്യാലയ മുത്തശ്ശി ഈ നാടിന്റെ വിളക്കായി ഇനിയും ഏറെനാൾ പ്രശോഭിക്കട്ടെ. എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.